PHOTO

# ബഡ്ജറ്റ് അവതരണം

ബഹുമാന്യരെ,

മലയാള വർഷം 1199 മകരം 24, 1445 റജബ് മാസം, ഇഗ്ലീഷ് വർഷം 2024 ഫെബ്രുവരി മാസം 7 ാം തീയ്യതി ഞാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മൊയ്തുപ്പ പിലാക്കൽ താഴെക്കോട് ഗ്രാമപഞ്ചായത്തിന്റെ ഈ ഭരണ സമിതിയുടെ നാലാമത്തെ ബഡ്ജറ്റാണ് ഇന്ന് അവതരിപ്പിക്കുന്നത്. 14 ാം പഞ്ചവത്സര പദ്ധതിയിൽ നാം മുന്നോട്ടു വെച്ച സുസ്ഥിര വികസനത്തിലേക്കുള്ള ലക്ഷ്യത്തിൽ വികസന വെല്ലുവിളികളെ നേരിടുന്നതിന് ആവശ്യമായ പദ്ധതികളാണ് കഴിഞ്ഞ വർഷങ്ങളിൽ നടപ്പാക്കാൻ ശ്രമിച്ചിട്ടുള്ളത്. പ്രളയവും കോവിഡും, നിപയും തളർത്തിയ നാലു വർഷങ്ങൾ പിന്നിട്ട് വീണ്ടും വളർച്ചയുടെ പാതയിലേക്ക് നാം എത്തി കൊണ്ടിരിക്കുകയാണ്.

14 ാം പഞ്ചവത്സര പദ്ധതിയിൽ ഓരോ വർഷവും പ്രത്യേക മേഖലകൾക്ക് പരിഗണന നൽകി കൊണ്ടാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. 2024-25 വർഷം അതിദാരിദ്ര നിർമ്മാർജ്ജനം, പാർപ്പിടം (ലൈഫ് ഭവന പദ്ധതി), പ്രാദേശിക സാമ്പത്തിക വികസനം, തെരുവ് വിളക്ക് സ്ഥാപിക്കൽ തുടങ്ങിയ മേഖലകൾക്ക് പ്രാധാന്യം നൽകി കൊണ്ടുള്ള പദ്ധതികളാണ് മുന്നോട്ടു വെക്കുന്നത്.

കേന്ദ്ര, സംസ്ഥാന ഗവൺമെൻറുകളുടെയും, വിവിധ സർക്കാർ ഏജൻസികളുടെ ഫണ്ടുകളും, പഞ്ചായത്തിൻറെ നികുതി, നികുതിയേതര വരുമാനങ്ങളടക്കമുള്ള തനത് ഫണ്ടും, സാമ്പത്തിക ഏജൻസികളിൽ നിന്നും ലഭിക്കുന്ന വായ്പാ ഫണ്ടുകളും ചേർന്നതാണ് നമ്മുടെ വാർഷിക വരുമാനം. നികുതി വരുമാനം 2024-25 ൽ 25% ലധികം വർദ്ധനവ് പ്രതീക്ഷിക്കുന്നു. നമുക്ക് ലഭിക്കുന്ന ഫണ്ടുകൾ ഫലപ്രദമായ രീതിയിൽ പഞ്ചായത്തിൻറെ ഉൽപാദന, സേവന, പശ്ചാത്തല മേഖലകളിൽ പരമാവധി വിനിയോഗിക്കാൻ കഴിഞ്ഞ വർഷങ്ങളിൽ ഭരണ സമിതി ശ്രമിച്ചിട്ടുണ്ട്. 2024-25 വർഷത്തിൽ 100% പദ്ധതി വിനിയോഗമാണ് ലക്ഷ്യം.

തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 52000 തൊഴിൽ ദിനങ്ങൾ 2023-24 ൽ ലഭിക്കുകയുണ്ടായി. കിണറുകൾ - 60, തൊഴുത്ത് - 12, ആട്ടിൻകൂട് - 8, കോഴിക്കൂട് - 9, സോക്ക്പിറ്റ് - 20, റോഡ് - 20, തോട് സൈഡ് കെട്ട് - 2, സ്കൂൾ ചുറ്റുമതിൽ - 1, ബാഡ്മിൻറൺ കോർട്ട് - 1 തുടങ്ങിയവയും 2023-24 ൽ പൂർത്തിയാക്കിയിട്ടുണ്ട്. മൂന്നര കോടി രൂപയുടെ പ്രവർത്തനങ്ങൾ ഇതിൻറെ ഭാഗമായി പഞ്ചായത്തിൽ ലഭിക്കുകയുണ്ടായി. പ്രാദേശിക സാമ്പത്തിക വികസനത്തിൽ തൊഴിലുറപ്പ് പദ്ധതികൾ സഹായകരമായിട്ടുണ്ട്. 2024—25 ൽ 4 കോടി രൂപ വിവിധ തൊഴിലുറപ്പ് പദ്ധതികളിലൂടെ നമുക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

നമ്മുടെ പഞ്ചായത്ത് വിവിധ സാമൂഹ്യ പെൻഷൻ ഗുണഭോക്താക്കളായി 5036 പേരാണ് നിലവിലുള്ളത് (കർഷക തൊഴിലാളി പെൻഷൻ – 231, ദേശീയ വാർദ്ധക്യകാല പെൻഷൻ – 2532, വികലാംഗ പെൻഷൻ – 601, അൻപത് തികഞ്ഞ അവിവാഹിത പെൻഷൻ – 55, വിധവ പെൻഷൻ – 1617). ഒരു വർഷം 3 കോടി 10 ലക്ഷം രൂപയോളം ഈ ഇനത്തിൽ പഞ്ചായത്തിൽ വിതരണം ചെയ്യപ്പെടുന്നു.

ഈ ഭരണ സമിതി അധികാരത്തിൽ വന്ന ശേഷം (2021–24) ഏറ്റവും ഉയർന്ന പരിഗണന നൽകിയ മേഖല ദാരിദ്ര ലഘൂകരണമാണ്. ലൈഫ് ഭവന പദ്ധതിയിൽ 502 വീടുകൾ നൽകി കഴിഞ്ഞു. അടുത്ത വർഷത്തേക്ക് ബാക്കി ലിസ്റ്റിലുള്ള എല്ലാവർക്കും വീട് നൽകുകയെന്നതാണ് ലക്ഷ്യം അതിനായി പദ്ധതി വിഹിതമായി 1 കോടി 10 ലക്ഷം രൂപയും വായ്പയായി 3.5 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തുന്നു. വീട് റിപ്പയറിനായി (ജനറൽ / എസ്.സി /അതിദരിദ്രർ) വിഭാഗങ്ങൾക്ക് 48 ലക്ഷം രൂപയും വകയിരുത്തുന്നു. എല്ലാവർക്കും കുടിവെള്ളം എന്ന വലിയ ലക്ഷ്യം ജലജീവൻമിഷൻ മുഖേന അടുത്ത വർഷമെങ്കിലും പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. മൂന്ന് ടാങ്കുകൾ പണി പൂർത്തിയായി പ്രധാന പൈപ്പുകൾ ഇട്ടുകൊണ്ടിരിക്കുകയാണ്. പൂർത്തീകരണ ജോലികളും റീ സ്റ്റോറേഷൻ പണികൾക്കും ടെണ്ടർ നടക്കുന്നു. തുടർ പ്രവർത്തനങ്ങൾക്ക് ഭരണ സമിതി എല്ലാവിധ ഇടപെടലുകളും നടത്തി കൊണ്ടിരിക്കുന്നു. വേനൽകാല കുടിവെള്ള വിതരണത്തിന് 10 ലക്ഷം രൂപയും മറ്റ് കുടിവെള്ള പദ്ധതികൾക്കായി 36 ലക്ഷം രൂപയും വകയിരുത്തുന്നു. മാലിന്യ നിർമ്മാർജ്ജനത്തിൻറെ ഭാഗമായ ഹരിത കർമ്മ സേന 21 വാർഡുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിലേക്ക് എത്തിക്കുവാൻ സാധിച്ചു. 2024–25 വർഷം ശുചിത്വ മേഖലക്ക് ഹരിത കർമ്മ സേന പരിപാലനം, വാഹനം, സി.സി ടി വി, യൂസർ ഫീ എന്നീയിനങ്ങളിൽ 53 ലക്ഷം രൂപ വകയിരുത്തുന്നു.

നമ്മുടെ പഞ്ചായത്തിൽ 1, 2, 3, 4, 5 വാർഡുകളിൽ താമസിക്കുന്ന 48 എസ്.ടി കുടുംബങ്ങൾക്ക് വിവിധ പദ്ധതികളിലൂടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് 1 കോടി 86 ലക്ഷം. രൂപ വകയിരുത്തുന്നു. സമൂഹത്തിൻറെ ഏറ്റവും താഴെക്കിടയിലുള്ള ഈ ജന വിഭാഗത്തിന് പെൻഷൻ വരെ ലഭിക്കാത്ത സാഹചര്യത്തിൽ അനിവാര്യ രേഖകൾ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് തന്നെ മുൻകൈ എടുത്ത് ഈ വർഷം പദ്ധതി നടപ്പിലാക്കുന്നു.

ആരോഗ്യ മേഖല കഴിഞ്ഞ വർഷങ്ങളിലും ഏറ്റവും പ്രാധാന്യം നൽകിയ മേഖലയാണ്. കരിങ്കല്ലത്താണി പി.എച്ച്.സി പുതുക്കി പണിയുന്നതിന് 55 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. വിവിധ പദ്ധതികളിലായി 75 ലക്ഷം രൂപ വകയിരുത്തുന്നു. കിഡ്നി രോഗികൾക്ക് കിറ്റ് വിതരണത്തിനായി 8 ലക്ഷം രൂപയും വകയിരുത്തുന്നു. എഫ്.എച്ച്.സിയുടെ പുതിയ കെട്ടിടം നിർമ്മാണം പൂർത്തിയാക്കി ഉടനെ പ്രവർത്തനമാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷത്തെ ഏറ്റവും പ്രധാന ബഡ്ജറ്റ് പ്രഖ്യാപനമായി ഞാൻ കാണുന്നത് ഓപ്പൺ ജിമ്മും കുട്ടികളുടെ പാർക്കും ആണ്. ഇതിനായി വിവിധ ബാങ്കുകളുടെ സി എസ് ആർ ഫണ്ട് ഉറപ്പാക്കിയിട്ടുണ്ട്.

മറ്റൊരു മുഖ്യ മേഖല കൃഷിയും അനുബന്ധ പ്രവർത്തികളാണ്. കാട്ടു മൃഗങ്ങളിൽ നിന്നും സംരക്ഷണ വേലി, ഫല വൃക്ഷ തൈ, നെല്ല കൃഷി, പച്ചക്കറി പ്രോത്സാഹനം തുടങ്ങിയ പദ്ധതികൾക്ക് 41 ലക്ഷം രൂപ വകയിരുത്തുന്നു.

ഭിന്ന ശേഷി വിഭാഗക്കാർക്ക് ഏറ്റവും ഉയർന്ന മുൻഗണന നൽകി കഴിഞ്ഞ വർഷങ്ങളിലെ പോലെ 2024-25 ലും 1 കോടി രൂപ വകയിരുത്തുന്നു.

ബഡ്സ് സ്കൂൾ നിർമ്മാണ തുടർ പ്രവർത്തനങ്ങൾക്ക് 29 ലക്ഷവും സ്കോളർഷിപ്പ്, ബഡ്സ് സ്കൂൾ നടത്തിപ്പ്, ഉപകരണങ്ങൾ തുടങ്ങിയ പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

മൃഗ സംരക്ഷണ മേഖലയിൽ കാലിതീറ്റ, കറവ പശു, പശു കുട്ടി വിതരണം, മുട്ട കോഴി വിതരണം,, മരുന്ന് വിതരണം, ആട് വിതരണം തുടങ്ങിയ പദ്ധതികൾക്കും ആശുപത്രി നവീകരണത്തിനും 74 ലക്ഷം രൂപ വകയിരുത്തുന്നു.

ഉൽപാദന മേഖലയിലെ വകയിരുത്തലുകൾക്കും പഞ്ചായത്തിലെ ഭരണ നിർവ്വഹണത്തിനും നിർബന്ധ പദ്ധതികൾക്കും മാറ്റിവെക്കപ്പെട്ടാൽ കുറച്ചു തുക മാത്രമേ പശ്ചാത്തല മേഖലകൾക്ക് ലഭിക്കാറുള്ളു. എന്നാലും 2024-25 വർഷത്തേക്ക് പശ്ചാത്തല മേഖലയിൽ റോഡുകൾക്കും ഘടക സ്ഥാപനങ്ങളുടെ നവീകരണങ്ങൾക്കും 60 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.. പഞ്ചായത്തിലെ ഏകദേശം മുഴുവൻ പഴയ റോഡുകളും നവീകരിക്കുവാൻ 2024-25 വർഷത്തിൽ നമുക്ക് കഴിയുമെന്ന് കരുതുന്നു.

വനിത വിഭാഗത്തിന് വിവിധ പദ്ധതികളിലൂടെ 30 ലക്ഷം രൂപ നീക്കി വെക്കുന്നു. എസ്.സി വിഭാഗത്തിനും വിവിധ പദ്ധതികൾക്കുമായി 1 കോടി രൂപ നീക്കി വെക്കുന്നു.

വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി, സ്കോളർഷിപ്പ്, പഠനോപകരണം ,കലാകായിക പരിശീലനം തുടങ്ങി വിവിധ പദ്ധതികൾക്കും സ്കൂൾ കെട്ടിടങ്ങളുടെ നവീകരണങ്ങൾക്കും സ്കൂളുകളിൽ വാട്ടര് പ്യൂരിഫയർ എന്നിവയ്ക്കും വോണ്ടി 86 ലക്ഷം രൂപയും നീക്കി വെക്കുന്നു. പഞ്ചായത്തിലെ 33 അംഗൻവാടികൾക്കും ശിശുവിഹാറിനും പ്രത്യേക പരിഗണന നൽകി സ്വന്തം കെട്ടിടമില്ലാത്ത അംഗൻവാടിക്ക് സ്ഥലം വാങ്ങിക്കുന്നതിനും, അംഗൻവാടികളുടെ നവീകരണത്തിനും, കുടിവെള്ളത്തിനും, പാചകത്തിനാവശ്യമായ പാത്രങ്ങൾ, മിക്സി, കുക്കർ എന്നിവക്കും അംഗൻവാടി പോഷകാഹാരത്തിനും 82 ലക്ഷം തുക മാറ്റി വെക്കുന്നു.

വയോജനങ്ങൾക്ക് കട്ടിൽ, ഉപകരണങ്ങൾ, ഉല്ലാസ യാത്ര, വയോജന കൂട്ടായ്മ തുടങ്ങിയ പദ്ധതികൾക്ക് 19 ലക്ഷം രൂപ വകയിരുത്തുന്നു.

തെരുവ് വിളക്കുകളുടെ റിപ്പയർ 2023-24 വർഷം 9.50 ലക്ഷം വകയിരുത്തിയതിൻറെ പണി ആരംഭിക്കുന്നതിനോടൊപ്പം 2024-25 ലേക്ക് 9.50 ലക്ഷം കൂടി വകയിരുത്തുന്നു.

യുവജന ക്ഷേമ മേഖലക്ക് സ്പോർട്സ് കിറ്റ്, നൈപുണ്യ വികസനം, ഓപ്പൺ ജിം തുങ്ങിയ പദ്ധതികൾക്കായി 25 ലക്ഷം രൂപ വകയിരുത്തുന്നു.

കഴിഞ്ഞ വർഷങ്ങളിൽ പ്രകൃതി ദുരന്തങ്ങൾ നമുക്ക് അഭിമുഖീകരിക്കേണ്ടി വന്നിട്ടില്ല. എന്നാലും മുൻകാല അനുഭവങ്ങളിൽ നിന്നും എപ്പോഴും ജാഗ്രത പുലർത്തേണ്ടത് അത്യാവശ്യമാണ്. അതിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

അതിദാരിദ്ര വിഭാഗത്തിന് പാർപ്പിടം, ആഹാരം, മരുന്ന് തുടങ്ങിയ പദ്ധതികൾക്ക് 20 ലക്ഷം രൂപ നീക്കി വെക്കുന്നു.

പരിമിതമായ വിഭവ സമാഹരണങ്ങൾക്കുള്ളിൽ നിന്ന് കൊണ്ട് പഞ്ചായത്തിലെ എല്ലാ അടിസ്ഥാന വിഭാഗങ്ങളെയും ചേർത്തു പിടിച്ച കൊണ്ട് സമസ്ത മേഖലകളിലും പരമാവധി പദ്ധതികൾ ആവിഷ്കരിക്കുവാൻ കഴിഞ്ഞുവെന്ന് ഞങ്ങൾ കരുതുന്നു.

ഈ ഭരണ സമിതി അധികാരമേറ്റിട്ട് 3 വർഷം പിന്നിടുകയാണ്. കഴിഞ്ഞ വർഷങ്ങളിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ നാടിൻറെ വികസനത്തിന് കുതിപ്പേകിയെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഒരു പദ്ധതികളുടെ നടത്തിപ്പിലും പഞ്ചായത്ത് ഓഫീസ് പ്രവർത്തനങ്ങളിലും അഴിമതി എന്ന വാക്ക് കഴിഞ്ഞ മൂന്ന് വർഷം എവിടെയും കേൾക്കാനില്ല എന്നത് ഞങ്ങൾക്ക് അഭിമാനം നൽകുന്നു. അടുത്ത വർഷങ്ങളിലും ഇതേ നിലപാട് കർശനമായി തുടരുമെന്നും പഞ്ചായത്തിൻറെ സുസ്ഥിര വികസനത്തിനായുള്ള നിസ്വർത്ഥമായ പ്രവർത്തനങ്ങളിൽ എല്ലാവരുടേയും സഹായം അഭ്യർത്ഥിക്കുകയും ചെയ്തു കൊണ്ട് ആകെ 32,54,84,659 രൂപ വരവും 31,35,72,500 രൂപ ചെലവും 1,19,12,159 രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ഈ ബഡ്ജറ്റ് ഭരണ സമിതി മുമ്പാകെ സമർപ്പിക്കുന്നു.

മൊയ്തീപ്പു പിലാക്കൽ

വൈസ് പ്രസിഡൻറ് &

ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ

# താഴെക്കോട് ഗ്രാമപഞ്ചായത്ത്

## ജൻഡർ ബഡ്ജറ്റ് 2024-25

വനിത

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 1 | കറവപശു വളർത്തൽ | 750000 |
| 2 | ഇരുചക്ര വാഹനം | 250000 |
| 3 | സോളാർ വേലി | 500000 |
| 4 | കുടുംബശ്രീ ഉൽപന്നങ്ങളുടെ വിപണനത്തിന് ധനസഹായം | 75000 |
| 5 | കാലിതീറ്റ | 976500 |
| 6 | കോഴിവളർത്തൽ | 325000 |
| 7 | ആട് വളർത്തൽ | 250000 |
| 8 | കന്നുകുട്ടി | 750000 |

# താഴെക്കോട് ഗ്രാമപഞ്ചായത്ത്

## പെർഫോർമൻസ് ബഡ്ജറ്റ് 2024-25

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക | പദ്ധതി ലക്ഷ്യം |
|---|---|---|---|
| 1 | സോളാർ വേലി | 500000 | കൃഷി സംരക്ഷണം |
| 2 | പ്രവാസികൾക്ക് സംരംഭം | 500000 | പ്രവാസി ജനതക്ക് സംരക്ഷണം |
| 3 | ഹരിതകർമ്മ സേന<br>യൂസർഫീ<br>വാഹന വാടക | <br>50000<br>1000000 | പഞ്ചായത്തിലെ മുഴുവൻ പ്രദേശവും മാലിന്യ മുക്തമാക്കുക,<br>40 - ഓളം വനിതകൾക്ക് സാമ്പത്തിക അടിത്തറ ഒരുക്കൽ |
| 4 | അംഗൻവാടി നവീകരണം, കുടിവെള്ളം | 1800000 | ഭാവി തലമുറക്കുള്ള അടിസ്ഥാന സൌകര്യം |
| 5 | സ്കൂളുകളിൽ വാട്ടർഫിൽട്ടർ | 75000 | ശുദ്ധജലം ഉറപ്പുവരുത്തുക |
| 6 | പൊതു കിണർ, കുളം നവീകരണം | 140000 | ജലലഭ്യത ഉറപ്പുവരുത്തുക |
| 7 | വയോജന ഉല്ലാസ യാത്ര | 100000 | പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക |
| 8 | വയോജന കലോത്സവം | 100000 | പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിന് കഴിവു തെളിയിക്കുന്നതിന് വേദിയൊരുക്കുക |
| 9 | അംഗൻവാടി സ്ഥലം വാങ്ങൽ | 300000 | ഭാവി തലമുറക്കുള്ള കരുതൽ |
| 10 | ക്ലീൻ താഴെക്കോട് | 500000 | വെള്ളം സുഗമമായി ഒഴുകി പോകുന്നതിനുള്ള ഡ്രൈനേജ് സംവിധാനം ഒരുക്കി, വെള്ളക്കെട്ട് ഒഴിവാക്കുക. |



# താഴെക്കോട് ഗ്രാമപ്പഞ്ചായത്ത്

## 2024-2025 ബജറ്റ് സംഗ്രഹം

| | |
|---|---|
| മുൻബാക്കി | **1,08,06,659** |
| വരവ് | **31,55,74,100** |
| ആകെ വരവ് | **32,63,80,759** |
| ആകെ ചെലവ് | **31,35,72,500** |
| നീക്കി ബാക്കി | **1,28,08,259** |

# താഴെക്കോട് ഗ്രാമപ്പഞ്ചായത്ത് 2024-2025 ബജറ്റ് സംഗ്രഹം

( ധനകാര്യ സ്ഥിരം സമിതിയുടെ 01-02-2024 തീയതിയിലെ - നമ്പർ തീരുമാനം പ്രകാരവും ഭരണസമിതിയുടെ 08-02-2024 തീയതിയിലെ - നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചത്. )

## വരവുകൾ

| | |
|---|---|
| മുൻബാക്കി | 1,08,06,659 |
| നികുതി വരുമാനം | 1,25,00,000 |
| നികതിയിതര വരുമാനം | 44,76,100 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2,91,98,000 |
| ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി വിഹിതം / കേന്ദ്രാവിഷ്ക്കൃത പദ്ധതി വിഹിതം | 0 |
| വികസനഫണ്ട് | 12,52,00,000 |
| മെയിന്റനൻസ് ഗ്രാന്റ് | 0 |
| ക്ഷേമപദ്ധതികൾ / സംസ്ഥാനാവിഷ്ക്കൃത പദ്ധതി വിഹിതം | 6,25,00,000 |
| MP ഫണ്ട് | 0 |
| MLA ഫണ്ട് | 0 |
| | |
| | |
| ജില്ലാ പഞ്ചായത്ത് വിഹിതം | 55,00,000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 0 |
| വായ്പ വരവുകൾ | 0 |
| കുടുംബശ്രീ | 0 |
| മറ്റുള്ളവ | 7,62,00,000 |
| **ആകെ വരവ്** | **32,63,80,759** |

# താഴെക്കോട് ഗ്രാമപ്പഞ്ചായത്ത് 2024-2025 ബജറ്റ് സംഗ്രഹം

## ചെലവുകൾ

| | |
|---|---|
| ജനപ്രതിനിധികളുടെ ഹോണറേറിയം, യാത്രാപ്പടി, മറ്റ് ആനുകൂല്യങ്ങൾ | 38,65,000 |
| ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും | 1,52,00,000 |
| ഓഫീസ് ചെലവുകൾ | 3,00,000 |
| തെരുവു വിളക്കുകൾ | 19,50,000 |
| പൊതു ടാപ്പുകളുടെ വെള്ളക്കരം | 15,25,000 |
| **മറ്റ് ഭരണച്ചെലവുകൾ** | 1,75,000 |
| ജനകീയാസൂത്രണ പദ്ധതി ചെലവുകൾ | 19,63,73,000 |
| തൊഴിലുറപ്പുപദ്ധതി / മറ്റു കേന്ദ്രാവിഷ്ക്കൃത പദ്ധതികൾ | 0 |
| ക്ഷേമപെൻഷനുകൾ / സംസ്ഥാനാവിഷ്ക്കൃത പദ്ധതി വിഹിതം | 6,25,00,000 |
| MP ഫണ്ട് | 0 |
| MLA ഫണ്ട് | 0 |
| 0 | 0 |
| 0 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 55,00,000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 0 |
| കുടുംബശ്രീ | 0 |
| മറ്റുള്ളവ | 3,00,49,500 |
| **ആകെ ചെലവ്** | **31,35,72,500** |

| | |
|---|---|
| **നീക്കിയിരിപ്പ്** | **1,28,08,259** |